**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **18-09-2025 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ വകുപ്പ് വഴി അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു. പി. എസ്., കണ്ടല്ലൂർ എന്നിവിടങ്ങളിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം<br><br>ആലപ്പുഴ ജില്ലയിലെ കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം പ്രവൃത്തിയ്ക്കായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി 27.05.2023 ന് പൂർത്തികരിച്ചിട്ടുണ്ട്.<br><br>തുടർന്ന്, അർജന്റ് സൈഡ് പ്രൊട്ടെക്ഷൻ പ്രവൃത്തിയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും 19.11.2024 ന് 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, സ്പോർട്സ് കേരള ഫൗണ്ടേഷൻ 22.11.2024 ന് സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു.<br><br>യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. നവാസ് കെ. വി., മലപ്പുറം എന്ന കരാറുകാരന് 07.02.2025 ന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കിയിട്ടുണ്ട്. 21.05.2025 ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും 05.06.2025 ൽ നിർമ്മാണത്തിനായി സൈറ്റ് കരാറുകാരന് കൈമാറി നല്കുകയും നിലവിൽ പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.<br><br>അധിക പ്രവൃത്തിയായ പ്രീ എഞ്ചിനീയേഡ് ബിൽഡിംഗിന്റെ സൈഡ് കവറിംഗ്, സ്പോർട്സ് ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി 49.90 ലക്ഷം രൂപയ്ക്ക് 31.07.2025 ൽ ഭരണാനുമതി നൽകുകയും, 25.08.2025 സ്പോർട്സ് കേരള ഫൗണ്ടേഷൻ 46.84 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും ചെയ്തു. 27.08.2025 തീയതിയിൽ ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ആയതിനാൽ റീ-ടെൻഡർ ചെയ്യേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം<br><br>ആലപ്പുഴ ജില്ലയിലെ കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയുടെ ബാലൻസ് വർക്കായ ഇൻഡോർ സ്റ്റേഡിയത്തിന്റെ സൈഡ് കവറിംഗ്, സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി, ശിലാഫലകം, നെയിംബോർഡ്, ഇലക്ട്രിക്ക് കണക്ഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 68.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം, ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ